കേരള സർക്കാർ

# പായിപ്ര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി8)1267/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :16.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പായിപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പായിപ്ര ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി8)1267/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 16.09.2017

# എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2016 മുതൽ 31.03.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ജയപ്രകാശ്. പി., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.06.2017 മുതൽ 28.06.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സാലി ജോസഫ്, ഓഡിറ്റ് ഓഫീസർ |
| | ജലജ എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷൈബി ഇ.ഡി., സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | നവാസ് സി.എം., ഓഡിറ്റർ |
| | പ്രവീൺ വി.എൻ., ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | നൂർജ്ജഹാൻ നാസ്സർ | 01.04.2016 മുതൽ 31.03.2017 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |

| | | | |
|---|---|---|---|
| സെക്രട്ടറി | ജി. ജിനേഷ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | കെ.പി. ഗീതാകുമാരി | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | രാജു പി.എൻ | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | കെ.പി. സോമൻ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി.) | ഡോ. വിനോദ് പി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ലാലി ജോൺ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന പോൾ (മെഡിക്കൽ ഓഫീസർ, ജി.എച്ച്.ഡി, കീഴില്ലം) | 01.04.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സുജിത് പി. രാഘവൻ | 01.04.2016 | 31.03.2017 |
| വെറ്റിനറി സർജൻ | ഡോ. ലീലാ പോൾ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(മുടവൂർ, തൃക്കളത്തൂർ) | ജിതിൻ കെ | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(പായിപ്ര, മുളവൂർ) | ജാൻസി പൗലോസ് | 01.04.2016 | 31.03.2017 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ജീന. ടി. | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം - 2 | |
| 12 | മൊബൈൽ ടവറുകളുടെ കെട്ടിട നികുതി ഈടാക്കിയില്ല | 2-1 |
| 13 | രസീത് ബുക്കുകളുടെ ഉപയോഗത്തിലെ അപാകതകൾ | 2-2 |
| | ഭാഗം - 3 | |
| 14 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മുഴുവൻ തുകയുടേയും മരുന്നുകൾ ലഭിച്ചില്ല. | 3-1 |
| 15 | ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്റ്റുകൾ – അപാകതകൾ | 3-2 |

| | | |
|---|---|---|
| 16 | പാലിയേറ്റീവ് പരിചരണ പദ്ധതി – അപാകതകൾ | 3-3 |
| 17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – പണമൊടുക്കിയിട്ടും മരുന്ന് ലഭ്യമായില്ല | 3-4 |
| 18 | തൊഴുത്ത് നിർമ്മാണം – അപാകതകൾ | 3-5 |
| 19 | ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് ഗ്രാമ പഞ്ചായത്ത് അടവാക്കി – 2914841/- രൂപയുടെ അധിക ചെലവ് | 3-6 |
| 20 | തൃക്കളത്തൂർ പി.എച്ച്.സി. റൂഫിംഗ് – വില കുറഞ്ഞ ഷീറ്റ് ഉപയോഗിച്ച് കൂടിയ ഷീറ്റിന്റെ വില നൽകി. | 3-7 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ - കരാറുകൾ അപൂർണ്ണം | 3-8 |
| 22 | പൈപ്പ് ലൈൻ സ്ഥാപിക്കൽ – വിനിയോഗ സാക്ഷ്യപത്രം ഇല്ല | 3-9 |
| | ഭാഗം **- 4** | |
| 23 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 30 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 31 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 32 | ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17 | അനുബന്ധം.1 |
| 33 | ബാലൻസ് ഷീറ്റ് - 2016-17 | അനുബന്ധം.2 |
| 34 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.3 |
| 35 | ഇൻകം &എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം.4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29.02.2016ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 13,83,07,000 | 13,74,69,000 |
| വാർഷിക കണക്കുകൾ പ്രകാരം<br>(വരവ് – ചെലവ് പത്രിക പ്രകാരമുള്ളത്) | 7,84,83,348 | 6,69,09,119 |

ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി-ഫണ്ട് എന്നീയിനങ്ങളിൽ വന്നിട്ടുള്ള 6.79 കോടി രൂപയുടെ വരവു-ചെലവ്, വരവു-ചെലവ് പത്രിക പ്രകാരമുള്ള കണക്കിൽ ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള കണക്കു നോക്കിയാൽ ബജറ്റു പ്രകാരമുള്ള പ്രതീക്ഷിത വരവു ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസമില്ല എന്നു കാണാം.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 16.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2016-17 | 24.06.2017 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,63,22,174 |
| വരവ് | 7,84,83,348 |
| ആകെ | 9,48,05,522 |
| ചെലവ് | 6,69,09,119 |
| നീക്കിയിരിപ്പ് | 2,78,96,403 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,73,65,575 | 1,63,54,684 | 94.18% |
| വികസന ഫണ്ട് (എസ്.സി.പി) | 41,82,108 | 41,82,108 | 100% |
| വികസനഫണ്ട് (ടി.എസ്.പി) | 1,27,743 | 0 | 0% |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,28,94,900 | 96,46,888 | 74.8% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 47,13,081 | 33,24,858 | 70.55% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 97,39,492 | 84,03,601 | 86.28% |
| ലോക ബാങ്ക് സഹായം | 51,39,714 | 32,91,021 | 64% |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 287 | 8,72,83,552/- | 168 | 4,94,43,169/- | 108 | 11 | 58.5% |

പദ്ധതി ചെലവു പത്രികയിൽ 3 പദ്ധതികളുടെ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. അവയുൾപ്പെടെയുള്ള കണക്കുകളാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 51.73% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7254869 | 11912274 | 4657405 | (+)64.2 |
| നികുതിയേതര വരവുകൾ | 2074380 | 2301563 | 227183 | (+)10.95 |
| മറ്റുവരവുകൾ | 254942 | 328355 | 73413 | (+)28.8 |
| ആകെ | 9584191 | 14542192 | 4958001 | (+)51.73 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 2,50,690 | 162 |
| കർഷകത്തൊഴിലാളി പെൻഷൻ | 80,07,600 | 977 |
| വിധവാപെൻഷൻ | 1,06,55,610 | 1238 |
| വാർദ്ധക്യകാലപെൻഷൻ | 2,39,07,510 | 2543 |
| വികലാംഗപെൻഷൻ | 53,90,965 | 659 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,92,550 | 31 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 2,40,000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.06.2017 ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27,958/-(ഇരുപത്തി ഏഴായിരത്തി തൊള്ളായിരത്തി അൻപത്തിയെട്ട്) രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം തൃപ്തികരമാണ് എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുമായി ബന്ധപ്പെട്ട രേഖകൾ വൗച്ചറുകൾക്കൊപ്പമാണ് സൂക്ഷിച്ചു വരുന്നത്. ഇവ പ്രത്യേകം സൂക്ഷിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പ്രോജക്ടുകളുടെ മേൽ നോട്ടം തൃപ്തികരമല്ല. ഇത് കാര്യക്ഷമമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.06.2017 | 01.05.2017മുതൽ 31.05.2017വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.05.2014മുതൽ 06.06.2014 വരെ | 2009-10മുതൽ 2013-14വരെ | 20.07.2015 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച.

2016-17വർഷത്തെ കെട്ടിട നികുതി നിർണ്ണയം/ഡിമാന്റ് സംബന്ധിച്ച ഫയലുകൾ/ രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 17ൽ 10 മൊബൈൽ കമ്മ്യൂണിക്കേഷൻ ടവറുകളുടേയും നികുതി ഈടാക്കിയിട്ടില്ല എന്നു കാണുന്നു. ഈടാക്കുവാനുള്ള തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി 11 / 27.6.2017നുള്ള മറുപടിയോടൊപ്പം സമർപ്പിച്ച പത്രിക പ്രകാരമുള്ളത്) :-

| ക്രമ നം. | മൊബൈൽ ടവർ കെട്ടിട നം/കമ്പനിയുടെ പേര് | നികുതി നിർണ്ണയിച്ച വർഷം | നിർണ്ണയിച്ച നികുതി(₹) |
|---|---|---|---|
| 1 | II/716- ഇൻഡസ് ടവേഴ്സ് ലി. | 2011-12 | 18,400 |
| 2 | VIII/684-ഇൻഡസ് ടവേഴ്സ് ലി | 2011-12 | 9,600 |
| 3 | XV/249-ഇൻഡസ് ടവേഴ്സ് ലി | 2011-12 | 12,000 |
| 4 | VI/468-വോഡാ ഫോൺ എസ്സാർ-സെല്ലുലാർ ലി. | 2011-12 | 15,000 |
| 5 | II/352-ഐഡിയ | 2011-12 | 12,600 |
| 6 | I/18-സബ്.ഡിവിഷനൽ എഞ്ചി. ബി.എസ്.എൻ.എൽ. | 2011-12 | 10,000 |
| 7 | XIX/233 ---"--- | 2011-12 | 22,500 |
| 8 | VII/254 ---"--- | 2011-12 | 13,200 |
| 9 | VI/544-ടവർ വിഷൻ ഇന്ത്യ പ്രൈ.ലി. | 2011-12 | 24,500 |
| 10 | XII/363-റിലയൻസ് ഇൻഫോകോം | 2011-12 | 10,000 |
| | ആകെ | | 1,47,800 |

ഇപ്രകാരം മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കാത്തതിനാൽ 2016-17ൽ മാത്രം ഗ്രാമപഞ്ചായത്തിന്റെ വരുമാനത്തിൽ 147800/- രൂപയുടെ കുറവ് ഉണ്ടായി. എല്ലാ മൊബൈൽ ടവറുകളുടേയും വസ്തു നികുതി കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 2-2 രസീത് ബുക്കുകളുടെ ഉപയോഗത്തിൽ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ വാഹന വാടക പിരിക്കുന്നതിനായി ഉപയോഗിക്കുന്ന രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. അതുപോലെ സമ്പത്തിക

വർഷാവസാനം ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്യുന്നതായും കാണുന്നില്ല. ഇത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്ക വഴിതെളിക്കുന്നതും കേരള ഫിനാൻഷ്യൽ കോഡിലെ ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. ആയതിനാൽ, എല്ലാ രസീത് ബുക്കുകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതും ഓരോ സമ്പത്തിക വർഷവും പുതിയ രസീത് ബുക്കുകൾ ഉപയോഗിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയുടേയും മരുന്നുകൾ ലഭിച്ചില്ല.

| | |
|---|---|
| പ്രോജക്ട് | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 12/17 |
| അടങ്കൽ | 6,00,000/- |
| ചെലവ് | 6,00,000/- |
| ബിൽ നം. | 1/2016-17/30.11.2016 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ചീഫ് മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി, പായിപ്ര. |

ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ഔഷധി, തൃശ്ശൂർ എന്ന സ്ഥപനത്തിന് ഡി.ഡി. നം.635390/5.12.2016 പ്രകാരം 6,00,000/ രൂപ നല്കിയിട്ടുണ്ട്, എന്നാൽ 5,30,548/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്, അവശേഷിക്കുന്ന 69,452/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്ന് ലഭ്യമാകുന്ന മുറക്ക് അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. മരുന്ന് ലഭ്യമാകുന്നത് വരെ മേൽ തുകയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-2 ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടുകൾ - അപാകതകൾ.

പായിപ്ര ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ അംഗീകാരം നേടിയ മൂന്ന് ലിഫ്റ്റ് ഇറിഗേഷൻ പ്രൊജക്ടുകൾക്കായി എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നും ഫണ്ട് വകയിരുത്തിയിട്ടുള്ളതാണ്. എന്നാൽ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ച തുക എത്രയെന്നോ അവ ഗ്രാമപഞ്ചായത്തിൽ വരവു വെച്ചതിന്റെ വിശദാംശമോ പരിശോധനയ്ക്കായി ഹാജരാക്കിയില്ല. ആയതിനാൽ ആകെ ചെലവാക്കിയ തുകയുടെ വിശദാംശം (2016-17 വർഷം ഒഴികെ) ലഭ്യമല്ല. ചെലവഴിച്ച തുകകളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി 27.06.2017ൽ 9-ാം നമ്പറായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടില്ലാത്തിനാൽ ചെലവു തുകയുടെ വിശദാംശം വ്യക്തമാക്കപ്പെടേണ്ടതാണ്. കൂടാതെ ഈ 3 ലിഫ്റ്റ് ഇറിഗേഷൻ പ്രൊജിക്ടുകളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു:-

(എ) കരാർ പ്രകാരം കരാറുകാരൻ നൽകേണ്ട തുകയിലും അധികമായി തുക നൽകിയതായി കാണുന്നുണ്ട്. ഇപ്രകാരം അധികതുക നൽകുന്നതിന് പ്രവൃത്തിയിൽ വരുത്തിയിട്ടുള്ള വ്യത്യാസം വ്യക്തമല്ല.

(ബി) കുഴിച്ചെടുത്തപ്പോൾ ലഭിച്ച മണ്ണിന്റെ ഉപയൊഗ വിവരം M-Bookൽ രേഖപ്പെടുത്തിയിട്ടില്ല.

(സി) ഈ പ്രൊജക്ടുകളുടെ നാളിതുവരെയുള്ള ചെലവു വിവരം വിവിധ ഫണ്ടുകൾ, ബിൽ നം. / ചെക് നം. എന്നിവ ലഭ്യമാക്കിയില്ല.

(ഡി) കരാർ പ്രകാരം പദ്ധതി പൂർത്തീകരിക്കേണ്ട തീയതി കഴിഞ്ഞിട്ടും ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ സംബന്ധിച്ച് വ്യക്തമായ മറുപടിയും ആവശ്യമായ രേഖകളും ഹാജരാക്കാത്തതിനാൽ 2016-17 വർഷം ഈ 3 പ്രൊജക്ടുകൾക്കായി ചെലവഴിച്ച ആകെ തുക 17,35,488/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രൊജക്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു :-

| പ്രൊജക്ട് | SOO97/14 | SOO96/14 | SOO97/14 |
|---|---|---|---|

| | | | |
|---|---|---|---|
| നമ്പർ | SO199/16<br>SO210/17<br>തൃക്കളത്തൂർ ലിഫ്റ്റ് ഇറിഗേഷൻ | SO175/15<br>SO198/16<br>SO293/17<br>മുടവൂർ ലിഫ്റ്റ് ഇറിഗേഷൻ | SO200/16<br>SO295/2017<br>പാറ്റായി പുന്നോപ്പടി ലിഫ്റ്റ് ഇറിഗേഷൻ |
| അടങ്കൽ തുക | 5573000/-<br>(5000000വിവിധഫണ്ടുകൾ<br>573000 ഗുണ വി.) | 5563000/-<br>(5000000വിവിധഫണ്ടുകൾ<br>563000 ഗുണ വി.) | 5463000/-<br>(5000000വിവിധ ഫണ്ടുകൾ<br>463000 ഗുണ വി.) |
| ആകെ ചെലവഴിച്ച തുക | 4999777/- | 5000000/- | 4500000/- |
| 2016-17ലെ ചെലവു തുക | (1) 137218/-<br>Sl.No.78/29.3.17<br><br>(2) 438834/-<br>Sl.No.31/29.3.17 | 500000/-<br>ACR Sl.No.<br>19/8.3.17 | 1) 509214/-<br>ACR Sl. No.<br>18/08.3.17<br><br>2)150222/-<br>ACR Sl.No.<br>3/08.03.17 |
| കരാറുകാരൻ | പി.എച്ച്.ഇല്യാസ് | ജോർജ് മാത്യു | ജോർജ്ജ് മാത്യു |
| കരാർ തുക | 4176086/-(.1% Below E/R 4176504/-) | 4990498 (.17% Below E/R 4998997/- | 3644754/-(.17% Below E/R 3650961) |
| കരാർ നം / തീയതി | 3/LSGD/15-16<br>തീ.08.05.15 | AGT.1AELSGD<br>തീ 07.04.15 | 2/LSGD/15-16<br>തീ.10.4.15 |
| M Book No. | 1) 133/15-16<br>2)04/PPt/15-16 | 1)1/15-16/ppt<br>2)2/ppt/15-16<br>3)3/ppt/15-16 | 1) 6/15-16 |

## 3-3 പാലിയേറ്റീവ് പരിചരണ പദ്ധതി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ട് നം. | SO040/17 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പരിചരണം |
| അടങ്കൽ | 4,67,560/-( വികസന ഫണ്ട്- 3,61,160/-, തനത് ഫണ്ട്- 1,06,400/-) |
| ചെലവ് | 3,66,685/- |

| ബിൽ നം. | തീയതി | തുക |
|---|---|---|
| 01/16-17 | 19.10.16 | 135670/- |
| 2/16-17 | 25.11.16 | 26250/- |
| 4/16-17 | 27.12.16 | 58750/- |
| 5/16-17 | 13.02.17 | 44600/- |
| 6/16-17 | 27.02.17 | 30,000/- |
| 7/16-17 | 16.03.17 | 30,000/- |
| 9/16-17 | 30.03.17 | 24,750/- |
| ആകെ | | 3,50,020/- |

| | |
|---|---|
| തനത് ഫണ്ട് | 16,665/- |
| ആകെ മൊത്തം | 3,66,685/- |

പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ പെയിൻ ആൻറ് പാലിയേറ്റീവ് പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.ആദായ നികുതി ഈടാക്കിയില്ല – നഷ്ടം 1,810/- രൂപ

2016-17 വർഷത്തെ പെയിൻ ആൻറ് പാലിയേറ്റീവ് കെയർ യൂണിറ്റ് മെഡിക്കൽ ടീമിന് വാഹനം ദിവസവാടകക്ക് നൽകിയത് ശ്രീമതി ലീല, ചെമ്മലയിൽ, തൃക്കളത്തൂർ എന്നയാളാണ്. വാഹനം (നമ്പർ KL 38 9893) ഓടിക്കുന്ന ദിവസങ്ങളിൽ പ്രതി ദിനം 1,000/- രൂപ നിരക്കിലാണ് വാഹന വാടക നൽകിയിരിക്കുന്നത്. 2016-17 വർഷത്തിൽ ടിയാൾക്ക് വാഹന വാടക ഇനത്തിൽ 1,81,000/- രൂപ നൽകിയിട്ടുണ്ട്. ആദായ നികുതി ആക്ട് സെക്ഷൻ 194 സി അനുസരിച്ച് പ്രതി വർഷം 75,000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും 1% ആദായ നികുതി, സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതായിരുന്നു. വിശദാംശങ്ങൾ താഴെ നൽകുന്നു.

| തുക | ഡിഡി നം./തീയതി |
|---|---|
| 44,000/- | 107137 / 27.07.16 |
| 27,000/- | 634580 / 19.10.16 |
| 13,000/- | 635363 / 02.12.16 |
| 31,000/- | ലഭ്യമല്ല |
| 16,000/- | അക്കൗണ്ട് ട്രാൻസ്ഫർ |
| 16,000/- | അക്കൗണ്ട് ട്രാൻസ്ഫർ |
| 20,000/- | അക്കൗണ്ട് ട്രാൻസ്ഫർ |
| 14,000/- | അക്കൗണ്ട് ട്രാൻസ്ഫർ |
| 1,81,000/- | |

വാഹന വാടക ഇനത്തിൽ നൽകിയ 1,81,000/- രൂപയുടെ 1% ആയ 1,810/-രൂപ ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

2. ചെലവിന് രേഖകൾ ഇല്ല - 41,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

27.12.2016 ലെ ബിൽ നം 4/16-17 പ്രകാരം 58,750/- രൂപ മാറിയതിൽ പാലിയേറ്റീവ് നേഴ്സിന്റെ ഒക്ടോബർ 2016ലെ ഹോണറേറിയം ഇനത്തിൽ 10,000/- രൂപയും വാഹന വാടകയിനത്തിൽ 31,000/-രൂപയും നൽകിയതിന്റെ കൈപ്പറ്റ് രസീതോ ഡി.ഡി.യുടെ പകർപ്പോ ഫയലിൽ ഇല്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 41,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. വാടകക്ക് എടുത്ത വാഹനത്തിന്റെ ഉടമയുമായി കരാർ ഒപ്പു വച്ചിട്ടില്ല.

4. പെയിൻ ആന്റ് പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം ക്വട്ടേഷൻ മുഖേന വാഹനം വാടകക്ക് എടുക്കുന്നതിന്റെ കാലാവധി 6 മാസമാണ്. എന്നാൽ ആറു മാസം പൂർത്തിയായിട്ടും പുതിയ ക്വട്ടേഷൻ ക്ഷണിക്കാതെ തുടർച്ചയായി ഒരു വർഷം ഒരു വാഹനം തന്നെ വാടകക്ക് എടുത്തുപയോഗിക്കുകയാണുണ്ടായത്. ടി ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4/23.06.2017) മറുപടി സമർപ്പിച്ചിട്ടില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖകൾ പാലിക്കുന്നുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - പണമൊടുക്കിയിട്ടും മരുന്ന് ലഭ്യമായില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | SO05/17 |
| അടങ്കൽ | 4,00,000/-(മെയിന്റനൻസ് ഫണ്ട്- റോഡിതരം) |
| ചെലവ് | 4,00,000/- |
| ബിൽ നം. | 1/16-17 തീയതി 04.03.2017 |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 04.03.2017 ൽ 4,00,000/- രൂപ അക്കൌണ്ട് ട്രാൻസ്ഫർ മുഖേന കേരള സംസ്ഥാന ഹോമിയോപ്പതി സഹകരണ ഫാർമസിക്ക് കൈമാറിയിട്ടുണ്ട്. 01.04.2017 ൽ 2887 ാം നമ്പർ രസീത് ലഭ്യമാക്കിയതല്ലാതെ ഫാർമസിയിൽ നിന്നും നാളിതു വരെ മരുന്ന് ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുകയോ, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.ചെലവ് 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 തൊഴുത്ത് നിർമ്മാണം - അപാകതകൾ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | 235/2016-17 |
| പ്രോജക്ട് പേര് | തൊഴുത്ത് നിർമ്മാണം(കുഴി ഉൾപ്പെടെ) |
| ആകെ അടങ്കൽ | 500000(തനത് ഫണ്ട്) |
| ആകെ ചെലവ് | 370000 |
| ബിൽ നം./ചെക്ക് ന./തീയതി | 394293/-29-03-2017(പേവിഷ നിർമ്മാർജ്ജനത്തിന്റെ 24293/-രൂപ ഉൾപ്പെടെ) |

2016-17 വർഷം തൊഴുത്ത് നിർമ്മാണം(കുഴി ഉൾപ്പെടെ) എന്ന പ്രോജക്ട് പ്രകാരം 37 ഗുണഭോക്താക്കൾക്ക് 10000/- രൂപ വീതം സഹായം നൽകിയിട്ടുണ്ട്. ഈ പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന ന്യൂനതകൾ കാണുന്നു :-

1. 37 പേർക്ക് തൊഴുത്ത് നിർമ്മാണത്തിന് സഹായം നൽകിയത് എസ്റ്റിമേറ്റ് തയ്യാറാക്കാതെയും മൂല്യനിർണ്ണയം നടത്താതെയുമാണ് (2013 മാർഗ്ഗരേഖ 3-2 മൃഗ സംരക്ഷണം).
2. കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ ഇതേ സർവ്വെ നമ്പറിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്റിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. സ.ഉ.(എം.എസ്)നമ്പർ 4/2016/ത.സ്വ.ഭ.വ,തിരുവനന്തപുരം തീയതി 11.01.2016 (പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2012-2017) പ്രകാരമുള്ള മാർഗ്ഗരേഖയുടെ ഭാഗം 3 വിഭവ സ്രോതസ്സുകളും വകയിരുത്തലുകളും 10-1 മേഖല തരം തിരിവ് എന്ന ഭാഗത്ത് (II) തൊഴുത്ത് നിർമ്മാണം പ്രോജക്ടിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉള്ള തൊഴിലാളികളെ ഉപയോഗപ്പെടുത്തണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിലവിൽ പായിപ്ര ഗ്രാമ പഞ്ചായത്തിൽ 4618ആളുകൾ തൊഴിൽ കാർഡ് എടുത്തിട്ടുണ്ട്. തൊഴുത്ത് നിർമ്മാണം(കുഴി ഉൾപ്പെടെ) എന്ന ഈ പ്രോജക്ടിൽ തൊഴിലുറപ്പ് പദ്ധതിയുടെ പങ്കാളിത്തം ഉപയോഗിച്ചിട്ടില്ല. മേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് ഗ്രാമ പഞ്ചായത്ത് അടവാക്കി - 2914841/- രൂപയുടെ അധിക ചെലവ്

ചെലവ് വിവരങ്ങൾ 1. ₹.3,97,228/- (ചെക്ക് നം 632622 തീയതി 31.02.2017)
2. ₹.30,828/- (ചെക്ക് നം. 632623 തീയതി 31.02.2017)
3. ₹.24,58,230/- (21601025/15.03.17)
4. ₹.28,555/- (21601026 /15.03.17)

ഗ്രാമപഞ്ചായത്തും ജില്ലാപഞ്ചായത്തും സംയുക്തമായി നടപ്പാക്കിയ പോയാലി (കൺസ്യൂമർ നം.

5658) പാണ്ടൻപാറ (കൺസ്യൂമർ നം. 16697) എന്നീ കുടിവെള്ള പദ്ധതികൾ 2002ലെ സർക്കാർ ഉത്തരവ് പ്രകാരം ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിരുന്നു. ഇതനുസരിച്ചുള്ള അറ്റകുറ്റപ്പണികൾ നടത്തേണ്ടതും കറന്റ് ചാർജ്ജ് അടക്കുന്നതും ഗുണഭോക്തൃസമിതിയുടെ ചുമതലയാണ് (02.06.2016 ലെ മിനിറ്റ്സ്). എന്നാൽ കറന്റ് ചാർജ്ജ് അടയ്ക്കാതിരുന്നതുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിനായി ടി പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശികയിനത്തിൽ ഓഡിറ്റ് വർഷം 2914841/- രൂപ കെ.എസ്.ഇ.ബി.യിൽ ഒടുക്കിയതായി കാണുന്നു.

സർക്കാർ നിർദ്ദേശമനുസരിച്ച് പദ്ധതികളുടെ കറണ്ട് ചാർജ്ജ് ഒടുക്കേണ്ട ബാദ്ധ്യത ഗുണഭോക്തൃസമിതികളുടേതായിരുന്നുവെങ്കിലും സമിതികൾ അതിൽ വീഴ്ച വരുത്തിയതു മൂലവും കുടിവെള്ള ക്ഷാമം ഒഴിവാക്കുന്നതിനും വേണ്ടിയാണ് ഗ്രാമപഞ്ചായത്തിന് ഇപ്രകാരം തുക ഒടുക്കേണ്ടി വന്നത് എന്ന് ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 10 / 24.06.17) നൽകിയ മറുപടിയിൽ വ്യക്തമാകുന്നു. എന്നാൽ കറന്റ് ചാർജ്ജ് യഥാസമയം ഗുണഭോക്തൃ സമിതികൾ അടയ്ക്കുന്നുണ്ടോ എന്ന് കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത് അധികൃതർ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതു മൂലമാണ് ഇത്രയും ഭീമമായ തുക ഗ്രാമപഞ്ചായത്ത് നേരിട്ട് ഒടുക്കേണ്ടി വന്നത് എന്ന് പരിശോധനയിൽ വ്യക്തമായി.

2012ൽ കറന്റ് ചാർജ്ജ് അടവാക്കുന്നതിന് കെ.എസ്.ഇ.ബി.യിൽ നിന്ന് അറിയിപ്പ് ലഭിച്ചപ്പോൾ പോലും ഗുണഭോക്തൃസമിതിയെ ഇക്കാര്യം അറിയിക്കുകയോ തുക അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അതാതു കാലഘട്ടങ്ങളിലെ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടായ ഈ കൃത്യവിലോപമാണ് വിഷയം റവന്യൂ റിക്കവറി നടപടികളിലേക്ക് എത്തിച്ചത്.

ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചിട്ടും തുക പഞ്ചായത്തിന്റെ ബാദ്ധ്യത ആവുകയും ഇത്രയും തുക തനതു ഫണ്ടിൽ നിന്നും ഒടുക്കേണ്ടി വന്നതും ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താൽപ്പര്യത്തിനു നിരക്കുന്നതല്ല. ഗ്രാമപഞ്ചായത്തിനുണ്ടായ ഈ അനാവശ്യ ചെലവ് ബന്ധപ്പെട്ട ഗുണഭോക്തൃസമിതികളിൽ നിന്നോ ഉത്തരവാദികളായ വ്യക്തികളിൽ നിന്നോ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വിഷയത്തിൽ ഭരണവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 3-7 തൃക്കളത്തൂർ പി.എച്ച്.സി. റൂഫിംഗ് വർക്ക് - വില കുറഞ്ഞ ഷീറ്റ് ഉപയോഗിച്ചു - കൂടിയതിന്റെ വില നൽകി.

2016-17 വർഷം അസി. എഞ്ചിനീയർ നിർവ്വഹണം ചെയ്ത ഈ പ്രവൃത്തിയുടെ റൂഫിംഗ് Aluminium Trafford Profile Sheet ഉപയോഗിച്ച് ചെയ്യുന്നതിനാണ് വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഈ പ്രവൃത്തി നടപ്പാക്കിയത് കുറഞ്ഞ വിലയുള്ള GI Sheet ഉപയോഗിച്ചാണ്. പക്ഷേ അതിനനുസരിച്ച് നിരക്ക് വ്യത്യാസപ്പെടുത്താതെയാണ് മൂല്യനിർണ്ണയം നടത്തിയത്. ആയതിനാൽ താഴെപ്പറയും പ്രകാരം കൺവീനർക്ക് 35,376/- രൂപ അധികം നൽകിയിട്ടുണ്ട്.

| ഇനം | അളവ് | നിരക്ക് | തുക |
|---|---|---|---|
| നിർണ്ണയിക്കപ്പെട്ട മൂല്യം (Providing and fixing Aluminium Trafford Profile Sheet) | 290.71m2 | 621/m2 | 180676.27 |
| അർഹമായ മൂല്യം (Providing and fixing Precoated galvanised iron profile sheets) | 290.71m2 | 499.81/m2 | 145299 |
| അധികം നൽകിയ തുക | | | 35376 |

അധികം നൽകിയ തുക കൺവീനറിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്. കൂടാതെ അളവ് പുസ്തകം പ്രകാരവും ഹാജരാക്കിയ First and Final Bill പ്രകാരവും ചെയ്ത പ്രവൃത്തിക്ക് തെറ്റായ ഇനം സൂചിപ്പിച്ച് അധികം തുക കൈപ്പറ്റിയതിനാൽ 2015-16 വർഷവും 2016-17 വർഷവും നടപ്പാക്കിയിട്ടുള്ള ഇതേ ഇനം പ്രവൃത്തികൾ സംബന്ധിച്ച പ്രത്യേക അന്വേഷണം നടത്തി അധിക തുക നൽകിയത് തിരികെ ഈടാക്കുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഇത് സംബന്ധിച്ച് പരാതികൾ പൊതുജനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ളതായി ഗ്രാമപഞ്ചായത്തിൽ രേഖകളുള്ളതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് അധിക തുക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയത്തിൽ ഭരണ വകുപ്പുകളുടെ (DDP, എറണാകുളം,

LSGD എക്സിക്യൂട്ടീവ് എഞ്ചിനീയർ, എറണാകുളം) പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
പ്രൊജക്ട് വിശദാംശം ചുവടെ ചേർക്കുന്നു :-

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | SO 52/17, PHC റൂഫിംഗ് |
| അടങ്കൽ തുക | 3,50,000/- |
| ചെലവ് തുക | അലോ. നം. 202/28.3.17 (₹.3,22,571/-) |
| അളവു പുസ്തകം നം. | 466/16-17 |
| കൺവീനർ | അജിൻ അശോക് |

# 3-8 ഡെപ്പോസിറ്റ് പ്രവൃത്തികൾ - കരാറുകൾ അപൂർണ്ണം

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. മുതലായ സ്ഥാപനങ്ങളുമായി പഞ്ചായത്ത് കരാറിലേർപ്പെടുമ്പോൾ വ്യവസ്ഥകൾ പൂർണ്ണമായി ചേർക്കുന്നില്ല. 2016-17 വർഷത്തിൽ 6 പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റിയിലും 3 പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി.യിലും പഞ്ചായത്ത് തുക നിക്ഷേപിച്ചിട്ടുണ്ട് (വിശദാംശം ഖണ്ഡിക 4-2ൽ ചേർത്തിട്ടുണ്ട്). എന്നാൽ ഒരു കരാറിലും പ്രവൃത്തി എന്ന് ആരംഭിക്കുമെന്നോ, എന്ന് പൂർത്തിയാകുമെന്നോ രേഖപ്പെടുത്തിയിട്ടില്ല. വ്യവസ്ഥകൾ ശരിയായ രീതിയിൽ ഉൾപ്പെടുത്താതെ കരാർ ഒപ്പു വച്ചതിനു ശേഷം പ്രവൃത്തി പൂർത്തീകരിക്കാത്ത സ്ഥിതിവിശേഷം ഉണ്ടായാൽ തുക നിക്ഷേപിച്ച പഞ്ചായത്തിന് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരും. ഭാവിയിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക നൽകുമ്പോൾ കരാർ വ്യവസ്ഥകൾ പൂർണ്ണമായി ചേർക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

# 3-9. പൈപ്പ് ലൈൻ സ്ഥാപിക്കൽ - വിനിയോഗ സാക്ഷ്യപത്രം ഇല്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ :- അസിസ്റ്റന്റ് സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ പട്ടിക വിഭാഗക്കാർക്കു വേണ്ടി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി രണ്ട് പ്രൊജക്ടുകൾ പ്രകാരം 8,00,000/- രൂപ വാട്ടർ അതോറിറ്റിയിൽ ഒടുക്കി. എന്നാൽ ഇവയുടെ വിനിയോഗ / പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല. വിശദാംശങ്ങൾ ചുവടെ :-

1.

| | |
|---|---|
| പ്രോജക്ട് നം. | 23/2017 |
| പ്രോജക്ട് പേര് | അംബേദ്കർ കോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ |
| ആകെ അടങ്കൽ | 500000(എസ്.സി.പി.) |
| ആകെ ചെലവ് | 500000 |
| ബിൽ നം./ചെക്ക് നം./തീയതി | ട്രഷറി ബിൽ നം. 8/16-17 03-02-2017 |

2.

| | |
|---|---|
| പ്രോജക്ട് നം. | 25/2017 |
| പ്രോജക്ട് പേര് | മട്ടിലം പാറ എസ്.സി കോളനി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ |
| ആകെ അടങ്കൽ | 300000(എസ്.സി.പി.) |
| ആകെ ചെലവ് | 300000 |
| ബിൽ നം./ചെക്ക് ന./തീയതി | ട്രഷറി ബിൽ നം. 01/2016-17 30-12-2016 |

ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.16 തീയതി 28.06.17) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ഇല്ലാത്തതിനാൽ ടി രണ്ട് പ്രോജക്ടുകളുടെ പേരിൽ നടത്തിയ ചെലവ് ₹.8,00,000/- തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 24,000 | 233/17 നെൽകൃഷി പ്രോത്സാഹിപ്പിക്കൽ | 24,000 | 0 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | 124/17 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 77,550 | 124/17 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക സ്കോളർഷിപ്പ് | 77,550 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു :-

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 17 | 635371 തീയതി 03.12.2016 | 87,000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | പായിപ്ര കവല കുന്നമ്മേക്കുപടി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 635370 തീയതി 03.12.2016 | 3,30,000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 19 | അക്കൗണ്ട് ട്രാൻസ്ഫർ | 1,00,000 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 20 | അക്കൗണ്ട് ട്രാൻസ്ഫർ | 65,000 | പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | അംബേദ്കർകോളനി പൈപ്പ് ലൈൻ സ്ഥാപിക്കൽ | അക്കൗണ്ട് ട്രാൻസ്ഫർ | 5,00,000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | മട്ടിലംപാറ എസ് സി കോളനി റോഡിൽ പൈപ്പ് ലൈൻ നീട്ടൽ | 635940 തീയതി 05.01.2017 | 3,00,000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| കെ.എസ്. ഇ.ബി | മില്ലുംപടി–ചാപ്പൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 635369 തീയതി 03.12.2016 | 83,000 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| | 18ാം വാർഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | അക്കൗണ്ട് ട്രാൻസ്ഫർ | 2,11,194 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |
| | മണലിക്കുടിത്താഴം റോഡിൽ ത്രീഫേസ് ലൈൻ വലിക്കൽ | അക്കൗണ്ട് ട്രാൻസ്ഫർ | 38,700 | പൂർത്തീകരണ/ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | സ.ഉ.(സാ.ധാ) നം. 564/2010/ ത.സ്വ.ഭ.വ/ 22.2.10 | 1,02,55,500 | 25,59,250 | 12,75,000 | 0 | 12,84,250 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വാർഷിക കണക്കിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈടാക്കിയിട്ടുള്ള 17,407/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2008-09, 2010-11, 2011-12 | 2-2 ii(7) | 4000/- | ശ്രീ.പി എം സെയ്തുകുഞ്ഞ്, എച്ച് പി ഡീലർ, പേഴക്കാപ്പിള്ളി | 2524/08.07.2016 |
| 2013-14 | 2-3(2) | 500/- | ശ്രീ.ആൽവിൻ ഷാൻ ഓണസ്റ്റ് പ്ലൈ & ബോർഡ് | 2853/25.07.2016 |

| | | | | |
|---|---|---|---|---|
| 2013-14 | 2-3(2) | 250/- | ശ്രീ.ആസിഫ് എം മൂസ ആലക്കൽ പ്ലൈവുഡ് | 2969/26.09.2016 |
| 2013-14 | 2-3(1),(2) | 925/-<br>1200/- | എൻ ഡി ജോസഫ് നെല്ലിക്കുന്നേൽ | 3011/28.07.2016 |
| 2013-14<br>2014-15 | 2-3(3)<br>2-3(3) | 500/-<br>500/- | സെന്റ് മേരീസ് ക്വാറി | 3012/28.07.2016 |
| 2013-14 | 2-3(3) | 500/- | അമൃത ക്വാറി | 3013/28.07.2016 |
| 2014-15 | 2-3(3) | 613/- | മാനാറി മെറ്റൽസ് | 3014/28.07.2016 |
| 2007-08 | 3-3 | 680/- | ശ്രീ. ജയൻ | 3016/28.07.2016 |
| 2013-14 | 2-3(2) | 300/- | മാനേജർ ഇൻഡ്യൻ കോഫീ ഹൗസ് | 3017/28.07.2016 |
| 2013-14 | 3-1 | 1742/- | ആമിന ഫർണിച്ചർ& പൗൾട്രി എക്വിപ്പ്മെന്റ്സ് | 3055/29.07.2016 |
| 2013-14 | 2-3(3) | 500/- | ശ്രീ.ജമാൽ. സി.എച്ച്. | 3074/29.07.2016 |
| 2013-14 | 2-3(3) | 500/- | ശ്രീമതി റംല ജമാൽ | 3075/29.07.2016 |
| 2013-14 | 3-1 | 3,547/- | ജ്യോഗ്രഫിക്സ് ഓഫ്സെറ്റ് പ്രസ്സ് മൂവാറ്റുപുഴ | 4965/15.10.2016 |
| 2002-03 | 2-2 | 1150/- | ശ്രീ. പി ലക്ഷ്മണൻ | 5545/03.11.2016 |
| ആകെ | | 17,407/- | | |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 1-5<br>1-6<br>1-10 | 2011-12 | 3.1.23 | ആസ്തി രജിസ്റ്റർ പൂർണ്ണമായി സൂക്ഷിക്കാത്ത, കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കാത്ത റോഡുകളിൽ കിലോമീറ്റർ ഹെക്ടോ മീറ്റർ കല്ലുകൾ സ്ഥാപിക്കാത്ത തദ്ദേശ സ്വയം ഭരണ സ്ഥാപനം | 90 റോഡുകളിൽ നെയിം ബോർഡുകളും കിലോമീറ്റർ ഹെക്ടോ മീറ്റർ കല്ലുകളും സ്ഥാപിച്ചു. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,84,83,348 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,69,09,119 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 35,376 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 30,45,940 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | --- | 35,376/- | കെ.പി.സോമൻ<br>അസിസ്റ്റന്റ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 69,452 | ഡോ. ലാലി ജോൺ,<br>മെഡിക്കൽ ഓഫീസർ (ആയുർ വേദം) |
| 3-2 | 17,35,488 | കെ.പി.സോമൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | 41,000 | ഡോ.വിനോദ് പി,<br>മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 3-4 | 4,00,000 | ഡോ.ബീന പോൾ,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-9 | 8,00,000 | ഗീതാകുമാരി,അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 30,45,940 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | നഷ്ടം സംഭവിച്ച സ്ഥാപനം |
|---|---|---|
| 3-3 | 1,810/- | കേന്ദ്ര സർക്കാർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ലാലി ജോൺ, മെഡിക്കൽ ഓഫീസർ (ആയുർ വേദം) | മെഡിക്കൽ ഓഫീസർ (ആയുർ വേദം) പായിപ്ര ഗ്രാമപഞ്ചായത്ത് | പിട്ടാപ്പള്ളിൽ ഹൗസ് പേഴക്കാപ്പിള്ളി(PO) |
| ഡോ.വിനോദ് പി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) പായിപ്ര ഗ്രാമപഞ്ചായത്ത് | പ്രണവം പെരിയപ്പുറം (PO) |
| ഡോ.ബീന പോൾ, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ) പോത്താനിക്കാട് ഗ്രാമപഞ്ചായത്ത് | മുളരിക്കൽ ചെങ്ങൽ (PO) കാലടി |
| ഗീതാകുമാരി, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി പായിപ്ര ഗ്രാമപഞ്ചായത്ത് | മണിമല മണക്കാട് |
| കെ.പി.സോമൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ പായിപ്ര ഗ്രാമപഞ്ചായത്ത് | കരൺചേരി ഹൗസ് ഇരിങ്ങോൾ (PO) പെരുമ്പാവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ.പി (5) 770/97 /8.1.99 |
| 1998-99 | എൽ.എഫ്.ഇ.പി (5) 846/02 /7.1.2003 |
| 1990-00<br>2001-02 | എൽ.എഫ്.ഇ.പി (1) 704/03 /2.7.2004 |
| 2002-03 | എൽ.എഫ്.ഇ.പി (5) 1306/06 / 29.4.08 |
| 2003-04 | എൽ.എഫ്.ഇ.പി (5) 7/2009 /15.10.09 |
| 2004-05 | എൽ.എഫ്.ഇ.പി (5) 8/09 /15.10.09 |
| 2007-08 | എൽ.എഫ്.ഇ.പി (5) 31/2012 /1.3.12 |
| 2009-10 | എൽ.എഫ്.ഇ.പി (5) 370/11 /27.2.12 |
| 2008-09<br>2010-11<br>2011-12 | എൽ.എഫ്.ഇ.പി (5) 2082/12 /8.1.13 |
| 2012-13 | എൽ.എഫ്.ഇ.പി (8) 2126/13/25.11.13 /4.12.13 |
| 2013-14<br>2014-15 | എൽ.എഫ്.ഇ.പി (8) 1122/15 /27.7.15 /17.8.15 |
| 2015-16 | കെ എസ് എ -ഇ കെ എം(പി 8)1972/2016 / 08.12.2016/10.01.2017 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി.8)1267/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 16.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ പായിപ്ര ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.8)1267/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 16.09.2017

Certified that I have audited the Annual Financial Statement of PAIPRA Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of PAIPRA Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director